**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2215** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഒന്നാം വിള നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷത്തെ ഒന്നാം വിള നെല്ല് സംഭരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | 1) 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ആഗസ്റ്റ് മാസം ഒന്നാം തീയതി തന്നെ കർഷക രജിസ്ട്രേഷനുവേണ്ടി സപ്ലൈകോ നെല്ല് സംഭരണ രജിസ്ട്രേഷൻ പോർട്ടൽ തുറന്ന് നൽകുകയും രജിസ്ട്രേഷൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2) നെല്ല് സംഭരണ പ്രക്രിയയിൽ പങ്കാളികൾ ആകാനായി മില്ലുകളുടെ താൽപ്പര്യം ക്ഷണിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>3) കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ വരുന്നത് അനുസരിച്ച് നെല്ല് സംഭരണം ആരംഭിക്കുന്നതാണ്. (മുൻവർഷങ്ങളിൽ സെപ്റ്റംബർ മുതൽ സംഭരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വർഷവും സെപ്റ്റംബർ മുതൽ നെല്ല് സംഭരണം തുടങ്ങുന്നതിനുള്ള നിർദ്ദേശം വരുമെന്ന് പ്രതീക്ഷിക്കുന്നു.)<br><br>4) നെല്ല് സംഭരണത്തിന് നിലവിലുള്ള ഉദ്യോഗസ്ഥരെ കൂടാതെ ആവശ്യമുള്ള കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>5) കർഷകർക്ക് നെല്ലിന്റെ സംഭരണ വില കൈമാറുന്നതിന് അനുവർത്തിച്ചു വരുന്നത് പാഡി റെസീപ്റ്റ് ഷീറ്റ് (പി.ആർ.എസ്) വായ്പാപദ്ധതിയാണ് നെല്ലിന്റെ സംഭരണ വില കർഷകർക്ക് കൂടുതൽ സൗകര്യപ്രദമായി കൈമാറുവാൻ പ്രസ്തുത വായ്പാപദ്ധതിയ്ക്ക് പകരമായി ബാങ്കുകളിൽ നിന്ന് സപ്ലൈകോ നേരിട്ട് വായ്പയെടുത്ത് കർഷകർക്ക് സംഭരണവില വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. |
| (ബി) | നെല്ല് സംഭരണത്തിനുള്ള രജിസ്ട്രേഷൻ, | (ബി) | നെല്ല് സംഭരണത്തിന് ആവശ്യമുള്ള നിലവിൽ |

| | | | |
|---|---|---|---|
| | ആവശ്യമായ ജീവനക്കാരെ നിയോഗിക്കൽ, മില്ലുടമകളുമായി കരാറിലേർപ്പെടൽ എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | | പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കൂടാതെ ഒഴിവ് വരുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷി വകുപ്പിൽ നിന്നും പ്രൊക്യൂർമെൻറ് അസിസ്റ്റൻറുമാരെ നിയമിക്കുന്നതിനായി കൃഷി ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ പ്രൊക്യൂർമെൻറ് അസിസ്റ്റൻറുമാർ, പേയ്മെൻറ് അസിസ്റ്റൻറുമാർ, ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടി സപ്ലൈകോയുടെ ഭാഗത്തുനിന്ന് സ്വീകരിച്ചു വരുന്നു. **2022-23 സീസണിൽ മില്ലുടമകളുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ